**നമ്പർ. 1783/പാർല/2019/നിയമം** **നിയമ (പാർല) വകുപ്പ്**

# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 810** **30.01.2019 - ൽ മറുപടിക്ക്**

## നിയമവകുപ്പിൽ അസിസ്റ്റന്റ് നിയമനം

**ചോദ്യം** **മറുപടി**

ശ്രീ.എം. സ്വരാജ്

**ശ്രീ. എ. കെ. ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ-ക്ഷേമവും നിയമവും സാംസ്ക്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ഈ സർക്കാർഅധികാരത്തിൽ വന്നതിനുശേഷം നിയമവകുപ്പിൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ എത്ര നിയമനങ്ങൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമന ശിപാർശ ചെയ്യപ്പെട്ട 48 ഉദ്യോഗാർത്ഥികളെയും, അസിസ്റ്റൻറ് തമിഴ് ട്രാൻസ്ലേറ്റർ തസ്തികയിൽ നിന്നും ഒരു ഉദ്യോഗസ്ഥയെ തസ്തികമാറ്റം നൽകിയും, ലീഗൽ അസിസ്റ്റൻറായിരിക്കെ മുൻസിഫ്-മജിസ്ട്രേട്ട് തസ്തികയിലേക്ക് നിയമനം ലഭിച്ചുപോയ ഒരു ഉദ്യോഗസ്ഥനെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് -II തസ്തികയിലേക്ക് പുനർ നിയമനം നൽകിയും, ആകെ 50 പേരെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് -II തസ്തികയിൽ നിയമ വകുപ്പിൽ നിയമിച്ചിട്ടുണ്ട്. |
| (ബി) | എല്ലാ വകുപ്പുകളിലും നിയമ വകുപ്പിന്റെ സേവനം നേരിൽ ലഭ്യമാക്കുന്നതിന് ലാ ഓഫീസർ മാരെ നിയമിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | സ്റ്റേറ്റ് ലിറ്റിഗേഷൻ പോളിസി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും സർക്കാർ കക്ഷിയായിട്ടുള്ള വ്യവഹാരങ്ങൾ മോണിറ്റർ ചെയ്യുന്നതിനുമായി നിയമ (നോഡൽ) ഓഫീസർമാരെ നിയമിച്ചിട്ടില്ലാത്ത വകുപ്പുകൾ ആവശ്യപ്പെടുന്ന പക്ഷം നിയമന നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | |
|---|---|---|
| സി) | എങ്കിൽ നഗരസഭകളിലും മുനിസി പ്പാലിറ്റികളിലും ഇത്തരത്തിൽ ലാ ഓഫീസർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സംസ്ഥാന വ്യവഹാരനയത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിയമ നോഡൽ ഓഫീസർമാരെ നിയമിക്കു ന്നതിനായി നിയമ വകുപ്പുമായി കൂടിയാ ലോചിച്ച് നടപടികൾ സ്വീകരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതിൻപ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

ഉത്തരവിൻ പ്രകാരം

Hin

സെക്ഷൻ ഓഫീസർ